പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1955 26-10-2026-ൽ മറുപടിയ്ക്ക്

കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിലെ ക്രമക്കേടുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. വി. മുരളീധരൻ	ശ്രീ. കെ. മുരളീധരൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വിവിധ ആശുപത്രികളിലെ ഉപയോഗത്തിനായി വാങ്ങിയ ചികിത്സാ ഉപകരണങ്ങളിൽ പലതും ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വിതരണം ചെയ്തിട്ടുള്ളവയാണോയെന്ന് അറിയിക്കാമോ; എങ്കിൽ ഇവയുടെ ആവശ്യകത സംബന്ധിച്ച് വ്യക്തമായ വിശകലനം നടത്താതെ ഉപകരണങ്ങൾ വാങ്ങി ക്രമക്കേട് നടത്തിയതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

മറുപടി:

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ആശുപത്രികളിൽ വിവിധ സർക്കാർ പ്ലാൻ ഫണ്ടുകൾ, വിവിധ സർക്കാർ പദ്ധതികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റുകൾ, CSR സഹായങ്ങൾ, ഡൊണേഷൻ എന്നീ മാർഗങ്ങളിലൂടെ ഉപകരണങ്ങൾ ലഭ്യമാക്കി വരുന്നു. സർക്കാർ ആശുപത്രികളിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ KMSCL മുഖേനയും മറ്റ് സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും വാങ്ങിവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ ടെൻഡർ/ക്വട്ടേഷൻ നടപടികളിലൂടെ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങിവരുന്നു.

ഇപ്രകാരം വാങ്ങിയ ഉപകരണങ്ങളിൽ ചിലത് ഉപയോഗിക്കാതെയും അവശ്യ സർവ്വീസ് നടത്താതെയും സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായി 08.07.2026-ലെ സ.ഉ.(സാധാ) നം.2277/2026/ആ.കു.വ ഉത്തരവ് പ്രകാരം ഒരു പ്രത്യേക അന്വേഷണ ടീം രൂപീകരിക്കുകയും വകുപ്പ് തല അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഇൻ ഹൗസ് ഡ്രഗ്സ് ബാങ്ക് വാങ്ങിയ വിലയുമായി താരതമ്യം ചെയ്യുമ്പോൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വളരെ കൂടിയ വിലയ്ക്കാണ് മരുന്നുകൾ വാങ്ങിയതെന്ന ആരോപണത്തിന്മേൽ അന്വേഷണം നടന്നിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

മറുപടി:

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബ്രാൻഡഡ് മരുന്നുകൾ ടെൻഡറുകൾ കൂടാതെ സംസ്ഥാനത്തുടനീളം ഗുണമേന്മയോടു കൂടിയ മരുന്നുകൾ നാമമാത്രമായ ലാഭമെടുത്ത് വിതരണം ചെയ്യുന്ന രീതിയാണ് കാരുണ്യയിൽ നിലവിലുള്ളത്.

എന്നാൽ കാരുണ്യയിലെ നിലവിലെ നിരക്ക്, ഇൻ ഹൗസ് ഡ്രഗ്സ് ബാങ്കിലെ നിരക്കുമായി താരതമ്യം ചെയ്തതിനു ശേഷം ഇൻ ഹൌസ് ഡ്രഗ് ബാങ്കിനേക്കാൾ കാരുണ്യയിൽ നിരക്ക് കൂടിയതായി കണ്ടെത്തുന്ന മരുന്നുകൾ ടി കമ്പനികളുമായി പുനഃ വിലപേശൽ ചർച്ചകൾ (Re-negotiation Process) നടത്തി വില കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം കമ്പനികളിൽ നിന്നും നേരിട്ട് മരുന്ന് സംഭരിക്കുന്നതിനുള്ള നടപടികൾ കാരുണ്യ മുഖാന്തിരം കെ.എം.എസ്.സി.എൽ സ്വീകരിച്ചിട്ടുണ്ട് .

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ക്രമക്കേട് നടത്തിയെന്ന് കണ്ടെത്തിയവർ ഇപ്പോഴും പ്രസ്തുത സ്ഥാപനത്തിൽ ജോലി നോക്കുന്നുണ്ടോയെന്നും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

മറുപടി: മരുന്നുകളുടെ വാങ്ങൽ, സംഭരണം, വിതരണം എന്നിവയുടെ നിരീക്ഷണത്തിനായി ഒരു ഇൻസ്പെക്ഷൻ ടീമിനെ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) പ്രസ്തുത സ്ഥാപനം കാലാവധി കഴിഞ്ഞ മരുന്നുകൾ വാങ്ങി ക്രമക്കേട് നടത്തിയെന്ന ആരോപണത്തിന്മേൽ 2026 ഓഗസ്റ്റ് മാസം സർക്കാർ പ്രഖ്യാപിച്ച അന്വേഷണ നടപടികൾ ഏത് ഘട്ടം വരെയായെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ;

മറുപടി: മരുന്നുകളുടെ വാങ്ങൽ, സംഭരണം, വിതരണം എന്നിവയുടെ നിരീക്ഷണത്തിനായി ഒരു ഇൻസ്പെക്ഷൻ ടീമിനെ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(ഇ) പ്രസ്തുത സ്ഥാപനത്തിൽ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മറുപടി: മരുന്നുകളുടെ വാങ്ങൽ, സംഭരണം, വിതരണം എന്നിവയുടെ നിരീക്ഷണത്തിനായി ഒരു ഇൻസ്പെക്ഷൻ ടീമിനെ രൂപീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ